കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# എടപ്പാൾ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2018-19


ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in


(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.എം.പി.എം28/2588/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,മലപ്പുറം

തിയ്യതി.05-12-2019

ഡെപ്യൂട്ടി ഡയറക്ടർ (ഹയർ ഗ്രേഡ് )
മലപ്പുറം

പ്രസിഡന്റ് / സെക്രട്ടറി മുഖേന

എടപ്പാൾ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എടപ്പാൾ ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷ ഓഡിറ്റ് റിപ്പോർട്ട്-സംബന്ധിച്ച്.

********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടപ്പാൾ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23 (1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി http://aims.ksad.kerala.gov.in/esubmission അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1),(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ,

മലപ്പുറം

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3)പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം.
4)കാര്യാലയ പകർപ്പ്.

എൽ. 12/19

കെ.എസ്.എ.എം.പി.എം.28/2298/2019 തിയ്യതി . 05-12-2019

## മലപ്പുറം ജില്ലയിലെ എടപ്പാൾ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ എടപ്പാൾ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 14.02.2019 മുതൽ 09.10.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ: ശ്രീ.അജിത് ആർ, ഡെപ്യൂട്ടി ഡയറക്ടർ
ഓഡിറ്റിന് വിനിയോഗിച്ച സമയം : 21.10.2019 മുതൽ 31.10.2019 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. പ്രസാദ്.പി | ഓഡിറ്റ് ഓഫീസർ |
| ശ്രീ. അബ്ദുൾ റഷീദ്.എം.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.റിഷിൽ.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.ഇദ്രീസ് അബ്ദുള്ള.എ.സി | ഓഡിറ്റർ |

നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ.പി.പി.ബിജോയ് | 01.04.2018 മുതൽ 31.03.2019വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ.മൊഹമ്മദ് ഷെറിഫ് | 01.04.2018 മുതൽ 30.11.2018 വരെ |
| | ശ്രീ.എം.പി വേണുഗോപാലൻ | 01.12.2018 മുതൽ |

| | | |
|---|---|---|
| | (ഇൻ ചാർജ്) | 28.02.2019 വരെ |
| | ശ്രീ.എം.പി വേണുഗോപാലൻ | 01.03.2019 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.എം.പി വേണുഗോപാലൻ | 01.04.2018 മുതൽ 28.02.2019 വരെ |
| | - | 01.03.2019 മുതൽ 10.03.2019 വരെ ഒഴിവ് |
| | ശ്രീമതി. ഉമ.എസ് | 11.03.2019 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.സുജീർ.പി.പി. | 01.04.2018 മുതൽ 09.05.2018 FN വരെ |
| | ശ്രീമതി.രജനി.സി.കെ | 05.05.2018 മുതൽ 31.03.2019 വരെ |
| | ശ്രീ.അജേഷ് | 09.05.2018 AN മുതൽ 26.06.2018 വരെ |
| | ശ്രീ.സുജീർ.പി.പി. | 27.06.2018 മുതൽ 28.02.2019 വരെ |
| | ശ്രീമതി. ബിന്ദു.കെ.കെ | 14.03.2019 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീ.വിനയൻ.എം.വി. | 01.04.2018 മുതൽ 31.03.19 വരെ |
| വെറ്റിനറി സർജൻ | ഡോ. ഫ്ലമി ജേക്കബ് | 01.04.2018 മുതൽ 31.03.19 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ, | ശ്രീമതി.ഷീബ റിച്ചാർഡ് | 01.04.2018 മുതൽ 14.09.2018 വരെ |
| | ശ്രീമതി.രാധിക | 15.09.2018മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ചിത്രലത.എ. | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.ജ്യോതിരാജ്.പി.എസ്. | 01.04.2018 മുതൽ 10.07.2018 FNവരെ |
| | ശ്രീമതി.അനിത. പി.കെ | 10.07.2018 AN മുതൽ 31.03.19 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.കുട്ടപ്പൻ.ടി.പി. | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.അജിത് കുമാർ | 01.04.2018 മുതൽ 19.07.2018 FN വരെ |
| | ഡോ.ടി ഹരി | 19.07.2018 ANമുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. ശിൽപ പുരുഷോത്തമൻ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.തനൂജ.ആർ | 01.04.2018 മുതൽ 14.07.2018 FN വരെ |
| | ഡോ.അഭിലാഷ് കെ റസാക്ക് (അഡീഷണൽ ചാർജ്) | 14.07.2018 ANമുതൽ 25.07.2018 FN വരെ |
| | ഡോ.സനൽ.പി | 25.07.2018 AN മുതൽ 24.11.2018 FNവരെ |

| | | |
|---|---|---|
| | ഡോ.സിന്ധു.പി.വി (അഡീഷണൽ ചാർജ്) | 24.11.2018 AN മുതൽ 25.12.2018 FNവരെ |
| | ഡോ.സനൽ.പി | 25.12.2018 ANമുതൽ 31.03.2019 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം I<br>ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം. | 1-4 |
| 5 | പദ്ധതി അവലോകനം. | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം (ഓഡിറ്റ് മാനുവൽ പാർട്ട് 1 അനുബന്ധം ബി) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 1-11 |
| 12 | ആവശ്യമായ പാർക്കിങ് ഏരിയ ഒരുക്കാതെ കെട്ടിട നമ്പർ അനുവദിച്ചു | 1-12 |
| 13 | റേഷൻ കടകൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നത് സംബന്ധിച്ച് | 1-13 |
| 14 | അംശകച്ചേരി സെന്റർ ഷോപ്പിങ് കോംപ്ലക്സ് മുറികൾ, ആവശ്യമാകുന്ന പക്ഷം പുനർലേലം നടത്തേണ്ടതാണ്. | 1-14 |
| 15 | ടെണ്ടർ ഫോമിന്റെ വില പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വച്ചിട്ടില്ല. | 1-15 |
| 16 | തൊഴിൽ നികുതി അപാകതകൾ | 1-16 |
| 17 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം-കളക്ഷൻ ചാർജ് പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വച്ചിട്ടില്ല. | 1-17 |
| 18 | വെറ്ററിനറി സർജൻ നടപ്പിലാക്കിയ പ്രൊജക്ടിലെ അപാകതകൾ | 1-18 |
| 19 | ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ-മരുന്ന് പൂർണ്ണമായും ലഭ്യമല്ല. | 1-19 |
| 20 | ആയുർവേദ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ-മരുന്ന് പൂർണ്ണമായും ലഭ്യമല്ല. | 1-20 |
| 21 | മെഡിക്കൽ ഓഫീസർ സി.എച്ച്.സി, നടത്തിയ പ്രോജക്ടിലെ അപാകതകൾ | 1-21 |
| 22 | പെരുമ്പറമ്പ് അംഗനവാടി (നം.78) കെട്ടിട നിർമ്മാണം - ഗുണമേൻമയില്ലാത്ത പ്രവൃത്തി | 1-22 |
| 23 | പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയില്ല. | 1-23 |
| | | |

| | | |
|---|---|---|
| 24 | മരാമത്ത് പ്രവൃത്തിയിൽ ജി.എസ്.ടിയിൻമേൽ TDS ഈടാക്കിയിട്ടില്ല | 1-24 |
| 25 | പൊതു മരാമത്ത് പ്രവൃത്തികൾ - അവലോകനം | 1-25 |
| 26 | പെരുമ്പറമ്പ് അംഗനവാടി (നം.78) ഷീറ്റിടൽ -അപാകത - അധികം നൽകിയത് 3553 രൂപ | 1-26 |
| 27 | SC കോളനിയിൽ കലാകേന്ദ്രം സ്ഥാപിക്കൽ -പ്രവൃത്തി ജില്ലാപഞ്ചായത്ത് കെട്ടിടത്തിന് മുകളിൽ - അധികം നൽകിയത് 3005 രൂപ | 1-27 |
| 28 | പകൽ വീട്-എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ ഇലക്ട്രിഫിക്കേഷന് പ്രൊവിഷൻ വച്ചില്ല - അപാകത | 1-28 |
| 29 | ആരോഗ്യ ജാഗ്രത- ചെലവ് വിശദാംശം ലഭ്യമാക്കേണ്ടതാണ്. | 1-29 |
| 30 | വികലാംഗ പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം | 1-30 |
| 31 | പ്രളയ സർവ്വേ- വിശദാംശം ലഭ്യമാക്കാത്തതിനാൽ ചെലവ് തടസ്സം ചെയ്യുന്നു | 1-31 |
| | ഭാഗം II<br>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം III<br>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 33 | പെരുമ്പറമ്പ് അംഗനവാടി (നം.78) ഷീറ്റിടൽ -അപാകത - അധികം നൽകിയത് 3553 രൂപ | 3-1 |
| 34 | SC കോളനിയിൽ കലാകേന്ദ്രം സ്ഥാപിക്കൽ -പ്രവൃത്തി ജില്ലാപഞ്ചായത്ത് കെട്ടിടത്തിന് മുകളിൽ - അധികം നൽകിയത് 3005 രൂപ | 3-2 |
| 35 | പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയില്ല. | 3-3 |
| | ഭാഗം IV<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 36 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 37 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 38 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 39 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 40 | വായ്പ /വായ്പ തിരിച്ചടവ് | 4-5 |
| 41 | സ്ഥിര നിക്ഷേപം | 4-6 |
| 42 | ഓഡിറ്റ് റിക്കവറി | 4-7 |
| 43 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 44 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-9 |
| 45 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 46 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| | ഭാഗം V -അനുബന്ധങ്ങൾ | |
| | | |

| | | |
|---|---|---|
| 47 | Audit Certificate | Annexure 1 |
| 48 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം2 |
| 49 | വാർഷിക കണക്ക് സംക്ഷിപ്തം-പകർപ്പ് | അനുബന്ധം3 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

24.03.2018 തീയതിയിലെ 1ാം- നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 30.04.2019 | | |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | 2018-19 |
|---|---|
| മുന്നിരിപ്പ് | 11268581.5 |
| വരവ് | 103546645 |
| ആകെ | 114815226.5 |
| ചെലവ് | 94803913 |
| നീക്കിയിരിപ്പ് | 20011313.5 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 15669311 | 15669311 | 15669311 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 9724000 | 9724000 | 8562285 | 1161715 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 135000 | 135000 | 0 | 135000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 4187000 | 4187000 | 4107036 | 79964 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3293000 | 3293000 | 3269116 | 23884 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 9188093 | 9188093 | 6990917 | 2197176 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| സാക്ഷരത | 38038 | 0 | 38038 | 0 | 38038 |
| ദുരിതാശ്വാസനിധി | 0 | 2000 | 2000 | 0 | 2000 |

| | | | | | | |
|---|---|---|---|---|---|---|
| എം.ജി.എൻ.ആർ.ഇ.ജി.എസ് | | 689.5 | 26202433 | 26203122.5 | 26201854 | 1268.5 |
| എെ.സി.ഡി.എസ് | | 906251 | 686438 | 1592689 | 648370 | 944319 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 2162516 | 2584972 | 4747488 | 3765168 | 982320 |
| | ജില്ലാ പഞ്ചായത്ത് | 886667 | 3097000 | 3983667 | 3359707 | 1123960 |
| ബി ഫണ്ട് | | 0 | 56087400 | 56087400 | 56087400 | 0 |
| മറ്റിനം | ബഡ്സ് സ്കൂൾ | 0 | 1250000 | 1250000 | 0 | 1250000 |
| | ലൈബ്രറി ഗ്രാന്റ് | 0 | 15580 | 15580 | 15580 | 0 |
| | MLA ഫണ്ട് | 0 | 193980 | 193980 | 185791 | 8118 |
| | SBI E Fund | 20625 | 42705 | 63330 | 12733 | 50597 |
| | MDC | 2021863 | 1338890 | 3360753 | 3036120 | 324633 |
| | ശുചിത്വ മിഷൻ | 1968788 | 814000 | 2782788 | 190000 | 2592788 |
| | കേരളോത്സവം | 0 | 20000 | 20000 | 0 | 20000 |
| | വിമുക്തി | 33850 | 25000 | 58850 | 20845 | 38005 |
| | ഗുണഭോക്തൃ വിഹിതം | 45734 | 464535 | 510269 | 453235 | 57034 |
| | SGSY | 243995 | 0 | 243995 | 0 | 243995 |
| | ആശ്രയ ഫണ്ട് | 11595 | 0 | 11595 | 0 | 11595 |
| | Pre Mansoon camping | 318 | 0 | 318 | 0 | 318 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 173 | 113244444 | 121 | 71544337 | 81 | 52 | 69.9 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല.

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 689.05 | 1117453 | 1118142.05 | 1116874 | 1268.05 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 25994354.01 | 25994354.01 | 25994354.01 | 0 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 122400 | 63 |
| കർഷകതൊഴിലാളി പെൻഷൻ | 4942400 | 12 |
| വിധവ പെൻഷൻ | 15961600 | 99 |
| വാർദ്ധക്യകാല പെൻഷൻ | 28619500 | 374 |
| വികലാംഗ പെൻഷൻ | 4713300 | 22 |
| വിവാഹ ധനസഹായം | 300000 | 10 |
| 50 വയസ്സിനു മുകളിൽ അവിവാഹിത പെൻഷൻ | 125000 | 102 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.10.2019 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 54775 രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ താഴെ കൊടുക്കുന്നു.

1)തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല.
2) വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റിയായി പ്രവർത്തിക്കുന്നില്ല.
3) മെഡിക്കൽ ഓഫീസർ (ഹോമിയോ) പ്രോജക്ടുകളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തുന്നതിന് പ്രോജക്ട് രജിസ്റ്റർ (അനുബന്ധം ബി V) സൂക്ഷിക്കുന്നില്ല.
4) വെറ്ററിനറി സർജൻ സബ്സിഡിയറി രജിസ്റ്റർ (അനുബന്ധം ബി IV) സൂക്ഷിക്കുന്നില്ല.
5) മെഡിക്കൽ ഓഫീസർ (അലോപതി) സബ്സിഡിയറി രജിസ്റ്റർ (അനുബന്ധം ബി IV), പ്രോജക്ട് രജിസ്റ്റർ (അനുബന്ധം ബി V) എന്നിവ സൂക്ഷിക്കുന്നില്ല.

6) വാങ്ങലുകളിലെ കാര്യക്ഷമതയും ഗുണമേൻമയും ഉറപ്പുവരുത്തുന്നതിനായി 2017-18 വർഷത്തിൽ സ.ഉ (പി) നമ്പർ 259/2010 ത.സ്വ.ഭ.വ തിയതി 08.11.2010 ലെ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരം പ്രൊക്യൂർമെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല.
7) ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി മിനുട്ട്സ് ബുക്കിൽ മുന്നിരിപ്പും നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.06.2019 | 05/2019 | 20.06.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.04.2003 | 1997-98 മുതൽ 2002-03 | 18.07.2003 |

# 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. Contractor's EMD (98480 ), Auction deposit (77500) എന്നീ ഡെപ്പോസിറ്റ് ഇനങ്ങളുടെ (ഷെഡ്യൂൾ B-7) വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

2. Advance Deposit to KWA - 222360 ,

   Advance Deposit to other accredited agencies - 15248

   Advance to implimenting officers - 25000,

   Advance to others - 1118642

   എന്നീ അഡ്വാൻസ് ഇനങ്ങളുടെ (ഷെഡ്യൂൾ B-18) വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

3. Sundry debtors (Advance collection) Rent from buildings ഇനത്തിൽ മുൻവർഷത്തെ തുകയായ 13500 തന്നെയാണ് 2018-19 AFS ലും ഉൾപ്പെടുത്തിയിരിക്കുന്നത്. ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

4. AFS പ്രകാരമുള്ള വസ്തു നികുതി ബാലൻസ് തുക സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും ലഭ്യമായ വസ്തു നികുതി ഡിമാന്റ് രജിസ്റ്ററിൽ നിന്നും താഴെ സൂചിപ്പിക്കും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം | | | | AFS പ്രകാരം |
|---|---|---|---|---|
| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ബാലൻസ് |
| Residential | 2038010 | 1877774 | 160236 | 0 |
| Non Resi. | 3291879 | 3243739 | 48140 | 154676 |

5. വസ്തു നികുതി ഇനത്തിൽ 2017-18 വർഷത്തിലെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള അഡ്വാൻസ് കളക്ഷൻ തുകകൾ ( Residential 49420, Non Resi. 41175) ക്രമീകരിച്ചതിന്റെ വിവരവും ലഭ്യമാക്കിയിട്ടില്ല.

6. Outstanding Loan(ഷെഡ്യൂൾ B-5) ഇനത്തിലെ 3842645രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

7. Auction deposit, രജിസ്റ്റർ പ്രകാരം 1500 രൂപയാണ്. എന്നാൽ AFS പ്രകാരം ആയത് 1000 രൂപയാണ്.

8. ഡി&ഒ ലൈസൻസ് ഇനത്തിലെ അഡ്വാൻസ് തുക രജിസ്റ്റർ പ്രകാരം 224950 രൂപയാണ്. എന്നാൽ ആയത് AFS പ്രകാരം 227860 രൂപയാണ്.

9. വാർഷിക ധനകാര്യ പത്രികയോടൊപ്പം കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ പ്രകാരം ഉൾപെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ, നോട്സ് ഓൺ അക്കൗണ്ട് എന്നിവ ഉൾപെടുത്തിയിട്ടില്ല.

10. ഫിക്സഡ് അസറ്റുകൾക്ക് ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ/ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

11.മുൻ വാർഷിക കണക്കിലെ(2017-18) അപാകതകൾ പരിഹരിച്ചിട്ടില്ല.

12. സംയുക്ത പ്രൊജക്ട് ഫണ്ട് വിനിയോഗത്തിൽ ബ്ലോക്ക് നീക്കിയിരിപ്പ് പഞ്ചായത്തിന് ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം 1190816 ആണ് എന്നാൽ AFS B-4 പ്രകാരം 982320 ആണ്. സംയുക്ത പ്രൊജക്ട് ഫണ്ട് വിനിയോഗത്തിൽ ജില്ലാ പഞ്ചായത്ത് നീക്കിയിരിപ്പ് ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം 923961 ആണ് എന്നാൽ AFS പ്രകാരം 1123960 ആണ്.

13.ഓഡിറ്റ് റിക്കവറി ഇനത്തിലുള്ള വരവ് 166724 രൂപ AFS ൽ കാണിച്ചിട്ടില്ല.

14. MGNEGS ക്യാഷ് ബുക്ക് പ്രകാരം 26201854 രൂപയാണ് ചെലവ് എന്നാൽ AFS പ്രകാരം 20813382 രൂപയാണ് ചെലവ് കാണിച്ചിട്ടുള്ളത് .

15. 2017-18 വർഷത്തിൽ സ്ഥിര നിക്ഷേപം – 389159 രൂപയാണ്. എന്നാൽ 2018-19 ൽ ഇത് 423215 രൂപയാണ്.

16. 50 വയസ്സിന് മുകളിൽ പ്രായമായ അവിവാഹിതർക്കുള്ള പെൻഷൻ 9,12,600 രൂപയാണ്. എന്നാൽ രജിസ്റ്ററുകൾ പ്രകാരം 1,25,000 രൂപയാണ്.

## 1-12 ആവശ്യമായ പാർക്കിങ് ഏരിയ ഒരുക്കാതെ കെട്ടിട നമ്പർ അനുവദിച്ചു

ശ്രീ. അസൈനാർ & ശ്രീമതി. നൂർജഹാൻ എന്നിവരുടെ ഉടമസ്ഥതയിൽ ഉള്ള -കച്ചവടം/ വാണിജ്യ (ഗ്രൂപ്പ് F) കൈവശഗണത്തിൽ പെടുന്ന കെട്ടിടത്തിന് (11/98- A മുതൽ I വരെ) നമ്പർ അനുവദിച്ചപ്പോൾ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ-2011, ചട്ടം 38 പ്രകാരം കാർപ്പറ്റ് വിസ്തീർണത്തിന്റെ ഓരോ 75 ച.മി നും 1 വീതം കാർ പാർക്കിങ് സൗകര്യവും, ആകെ കാർ പാർക്കിങ് വിസ്തീർണത്തിന്റെ 25% ടു വീലർ പാർക്കിങിനും ഏർപ്പെടുത്തേണ്ടതായിരുന്നു. എന്നാൽ ചട്ടപ്രകാരമുള്ള ടു വീലർ പാർക്കിംഗ് ഒരുക്കാതെയാണ് കെട്ടിടത്തിന് നമ്പർ അനുവദിച്ചിക്കുന്നത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | | | |
|---|---|---|---|
| പഞ്ചായത്ത് കാറ്റഗറി | I | | |
| പ്ലോട്ട് വിസ്തീർണം | 1333.89 m2 | | |
| കെട്ടിടത്തിന്റെ ആകെ വിസ്തീർണം | Plinth Area-1312.38 m2 | | |
| | Floor Area- 1227.4 m2 | | |
| | Carpet Area- 855. m2 | | |
| പാർക്കിംഗ് | നൽകിയത് | നൽകേണ്ടത് | കുറവ് |
| കാർ | 12 | 12 | 0 |
| ഇരു ചക്ര വാഹനം | 9 | 15 | 6 |
| Parking Calculation:<br>Car Parking: 12 [855.18/75]<br>Two Wheeler: 15 (25%of car parking area) | | | |

കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോൾ ചട്ടങ്ങൾ പാലിക്കുന്നുണ്ട് എന്നുള്ളത് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി (22/29.10.2019) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-13 റേഷൻ കടകൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നത് സംബന്ധിച്ച്

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക I ക്രമനമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. എന്നാൽ പഞ്ചായത്തിലെ ഇതുമായി ബന്ധപ്പെട്ട ഡി ആൻഡ് ഓ രജിസ്റ്റർ ഉൾപ്പെടെയുള്ള രേഖകൾ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് ലൈസൻസ് നല്കിയതായോ തൊഴിൽ നികുതി പിരിച്ചതായോ കാണുന്നില്ല. റേഷൻ കടകൾക്ക് നിയമപ്രകാരമുള്ള

ലൈസൻസ് നല്കാനം, അവയിൽ നിന്നും വരുമാനത്തിന ആനുപാതികമായ തൊഴിൽ നികുതി (സ്ഥാപനത്തിന്റേയും ജീവനക്കാരുടേയും) ഈടാക്കാനും സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി (728.10.19/29.10.2019)ക്ക് 24.11.2017 ലെ B1-100/2017 നമ്പർ കത്ത് മുഖേന എല്ലാ റേഷൻ കട ഉടമകൾക്കും ലൈസൻസ് എടുക്കുന്നതിനുള്ള അറിയിപ്പ് നൽകിയിരുന്നതായി അറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 അംശകച്ചേരി സെന്റർ ഷോപ്പിങ് കോംപ്ലക്സ് മുറികൾ, ആവശ്യമാകുന്ന പക്ഷം പുനർലേലം നടത്തേണ്ടതാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 256, 1995 ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാകുവാനുള്ള നടപടി ക്രമം) ചട്ടങ്ങൾ എന്നിവ പ്രകാരം (പഞ്ചായത്ത് കമ്മിറ്റിയുടെ 31.8.99 ലെ 3(4) നമ്പർ തീരുമാനം) ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ള അംശകച്ചേരി സെന്റർ ഷോപ്പിങ് കോംപ്ലക്സ് കെട്ടിടത്തിലെ മുറികൾ ലേലം ചെയ്ത് കൊടുക്കുന്നതിന് ബൈലോ രൂപീകരിച്ചിട്ടുണ്ട്. ബൈലോ പ്രകാരം കെട്ടിട മുറികൾ 3 വർഷത്തേക്ക് കൈവശം വെക്കുന്നതിനുള്ള അവകാശമാണ് ലേലം ചെയ്ത് നൽകുന്നത്. എന്നാൽ ഷോപ്പിംങ് കോംപ്ലക്സിലെ മുഴുവൻ വാടകക്കാരും കാലാവധിക്ക് ശേഷവും മറ്റു ലേലങ്ങൾ ഒന്നും തന്നെയില്ലാതെ തുടരുകയാണ്.

ലേലത്തിന്റെ കാലാവധി കഴിയുന്ന മുറയ്ക്ക് പുനർലേലം നടത്തേണ്ടതും, ലേല തുകക്ക് അനുസൃതമായി നിരതദ്രവ്യം, ഡെപ്പോസിറ്റ് എന്നിവ ബൈലോയിലെ നിബന്ധനകൾ അനുസരിച്ച് വാടകക്കാരിൽ നിന്നും ഈടാക്കേണ്ടതുമാണ്.

## 1-15 ടെണ്ടർ ഫോമിന്റെ വില പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വെച്ചിട്ടില്ല.

താഴെ പറയുന്ന മരാമത്ത് പ്രവൃത്തികൾ ഇ ടെണ്ടറുകൾ വഴിയാണ് സമർപ്പിച്ചിട്ടുള്ളത്. നിലവിൽ ടെണ്ടർ ഫോറത്തിന്റെ വില എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ കിടക്കുകയാണ്. പഞ്ചായത്തിന് അർഹമായ ടെണ്ടർ ഫോറത്തിന്റെ വില, എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്ത് ഫണ്ടിൽ ലഭ്യമാക്കിയിട്ടില്ല.

| പ്രൊജക്റ്റ് നം | ടെണ്ടർ സമർപ്പിച്ചവരുടെ എണ്ണം | ടെണ്ടർ ഫോമിന്റെ വില | ആകെ |
|---|---|---|---|
| 142/19 | 2 | 1460 | 2920 |
| 190/19 | 2 | 1240 | 2480 |
| 107/19 | 6 | 1120 | 6720 |
| 188/19 | 5 | 1800 | 9000 |
| 99/19 | 6 | 1120 | 6720 |
| 108/19 | 3 | 1600 | 4800 |
| 189/19 | 5 | 1240 | 6200 |
| 81/19 | 2 | 1770 | 3540 |
| 143/19 | 4 | 2800 | 11200 |
| Total | | | 53580 |

ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി ടെണ്ടർ ഫോറത്തിന്റെ വില, എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്ത് ഫണ്ടിൽ അടവാക്കുന്നതാണെന്ന് അറിയിച്ചു (AUDIT ENQUIRY No. 21 / 29.10.19).

# 1-16 തൊഴിൽ നികുതി അപാകതകൾ

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ, വകുപ്പ് 204 പ്രകാരം പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ ഏതെങ്കിലും തൊഴിലിൽ ഏർപ്പെടുന്നവർക്ക് തൊഴിൽ നികുതി ചുമത്തേണ്ടതാണ്. വകുപ്പ് 205.സി, 205.ഡി എന്നിവ പ്രകാരം ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുത്ത് അടക്കുമ്പോൾ ഓഫീസ് മേധാവി /സ്ഥാപന ഉടമ സമർപ്പിക്കുന്ന വരുമാന പത്രികയിൽ ജീവനക്കാരുടെ അടിസ്ഥാന ശമ്പളം, ക്ഷാമ ബത്ത, തുടങ്ങിയ വിവരങ്ങൾ ചേർക്കുന്നില്ല. ആയതിനാൽ ജീവനക്കാരിൽ നിന്നും ഈടാക്കേണ്ട യഥാർത്ഥ തൊഴിൽ നികുതി എത്രയാണ് എന്നത് നിർണ്ണയിക്കുവാൻ സാധിക്കുന്നില്ല. ജീവനക്കാർ സമർപ്പിക്കുന്ന വരുമാന പത്രികയിൽ ആവശ്യമായ വിവരങ്ങൾ ചേർത്തിട്ടുണ്ടോ എന്ന് ബന്ധപ്പെട്ട അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

<u>തൊഴിൽ ഒഴിവാക്കി നൽകുന്നതിന് ആവശ്യമായ സാക്ഷ്യപത്രം സമർപ്പിക്കേണ്ടതാണ്</u>.

ജി.ഒ(ആർ.ടി)1366/90/ത.സ്വ.ഭ.വ തിയതി. 23.03.1990 ഉത്തരവ് പ്രകാരം തൊഴിൽ നികുതി ഒഴിവാക്കി നൽകുമ്പോൾ സർക്കാർ ആശുപത്രിയിലെ ബന്ധപ്പെട്ട സപെഷ്യാലിറ്റി വിഭാഗം തലവനിൽ നിന്ന് സാക്ഷ്യപത്രം ഹാജരാക്കി, ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

# 1-17 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം-കളക്ഷൻ ചാർജ് പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വെച്ചിട്ടില്ല.

1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് നിയമം വകുപ്പ് 3(3) പ്രകാരം പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. തൻവർഷത്തിൽ 164164 രൂപ നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം അടവാക്കിയിട്ടുണ്ട്. ഇതിന്റെ 1% കളക്ഷൻ ചാർജ് എല്ലാ പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഈടാക്കിയിട്ടില്ല.

ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി കളക്ഷൻ ചാർജ് എല്ലാ പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഈടാക്കുന്നതാണെന്ന് അറിയിച്ചു (AUDIT ENQUIRY No. 18 / 29.10.19).

# 1-18 വെറ്ററിനറി സർജൻ നടപ്പിലാക്കിയ പ്രൊജക്ടിലെ അപാകതകൾ

<u>1.</u>

| | |
|---|---|
| പ്രൊജക്റ്റ് നം | 28 |
| പ്രൊജക്ടിന്റെ പേര് | പെണ്ണാട് ലഭ്യമാക്കൽ - (വനിത) പൊതുവിഭാഗം |

ഓഡിറ്റിനായി ലഭ്യമാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ പേരില്ലാത്ത താഴെപ്പറയുന്നവർക്ക് പെണ്ണാട് വാങ്ങുന്നതിന് 10000/-രൂപ ധനസഹായം നല്കി.

1. ശ്രീമതി.ഹഫ്സത്ത് നാലകത്ത്

2. ശ്രീമതി. ഹസീന നാലകത്ത്

3. ശ്രീമതി.കദീജ ടി.കെ

4. ശ്രീമതി. നസറത്ത് വട്ടമ്പലത്ത്

5. ശ്രീമതി.സുഹറ വിട്ടില വളപ്പിൽ

6. ശ്രീമതി.ഫാത്തിമ കുവപ്പുള്ളിയിൽ വീട്

മേൽ വ്യക്തികൾ യുണൈറ്റഡ് ഇന്ത്യാ ഇൻഷുറൻസ് കമ്പനി ലിമ്മിറ്റഡ് കമ്പനിയിൽ ആടുകളെ ഇൻഷ്വർ ചെയ്തിട്ടുമുണ്ട്.

2.

| | |
|---|---|
| പ്രൊജക്റ്റ് നം | 30 |
| പ്രൊജക്റ്റിന്റെ പേര് | പെണ്ണാട് ലഭ്യമാക്കൽ - (വനിത) എസ്.സി |

നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ പേരില്ലാത്ത താഴെപ്പറയുന്നവർക്ക് പെണ്ണാട് വാങ്ങുന്നതിന് 12000/-രൂപ ധനസഹായം നല്കി.

1. ശ്രീമതി.ലത ചെമ്പിൽ പടി

2. ശ്രീമതി. സുലോചന ചക്കനത്ത് പടി

3. ശ്രീമതി. ലക്ഷി ഭഗവതി പറമ്പിൽ

4. ശ്രീമതി. വിജിത.പി

അപാകതക്ക് വിശദീകരണം നല്കേണ്ടതാണ്.

| | |
|---|---|
| പ്രൊജക്റ്റ് നം | 171 |
| പ്രൊജക്റ്റിന്റെ പേര് | മുട്ടക്കോഴി വിതരണം (എസ്.സി) |

മേൽ പ്രോജക്റ്റ് പ്രകാരം AL SHIFA KUDUMBASREE UNIT AL-AMEEN EGGER NURSERY NADUVATTAM എന്ന സ്ഥാപനത്തിൽ നിന്നും 60 ദിവസം പ്രായമായ 282 കോഴികുഞ്ഞുങ്ങളെ 100/-രൂപ വീതം 28200രൂപയ്ക്ക് 03.10.18ന് വാങ്ങിയിട്ടുണ്ട്. 20 പേർക്ക് 6 എണ്ണം വീതം 120 കോഴികുഞ്ഞുങ്ങളെ വിതരണം ചെയ്തു എന്ന് കൈപ്പറ്റ് രശീതിയിൽ നിന്നും വ്യക്തമാവുന്നത്. നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ ഫയലിൽ ഗുണഭോക്താക്കളുടെ അപേക്ഷകളോ, ഗുണഭോക്തൃ ലിസ്റ്റോ ഇല്ല. ആധാർ കാർഡും, തിരിച്ചറിയൽ കാർഡും മാത്രമാണുള്ളത്. അവശേഷിക്കുന്ന കോഴികുഞ്ഞുങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്. 16,200/- രൂപ തടസ്സത്തിൽ വെക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം | 32 |
| പ്രൊജക്റ്റിന്റെ പേര് | കറവപ്പശുക്കൾക്ക് കാലിത്തീറ്റ |

3.കാലിത്തീറ്റ വിതരണം-അപാകതകൾ

എടപ്പാൾ ഗ്രാമ പഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട കറവപ്പശുക്കൾക്ക് കാലിത്തീറ്റ നല്കൽ (പൊതുവിഭാഗം) പദ്ധതി പ്രകാരം കേരള ഫീഡ്സിൽ നിന്നും താഴെപ്പറയുന്ന ഇൻവോയ്സുകൾ പ്രകാരം തുക നല്കിയിട്ടുണ്ട്.

| Invoice No. | Description of Goods | Bags | Qty. | UOM | Rate | Total |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| KFLPI-18-19-034760 dated 15.11.18 | Kerala feeds Miduki | 150 | 7.5 | Metric Ton | 20200 | 151500 |
| KFLPI-18-19-038856 dated 11.12.18 | Kerala feeds Miduki | 142 | 7.1 | Metric Ton | 20200 | 143420 |
| KFLPI-18-19-044842 dated 16.01.19 | Kerala feeds Miduki | 156 | 7.8 | Metric Ton | 20700 | 161460 |
| KFLPI-18-19-048951 dated 08.02.19 | Kerala feeds Miduki | 148 | 7.4 | Metric Ton | 21400 | 158360 |

614740

മേൽ ഇൻവോയ്സ് പ്രകാരം വാങ്ങിയ കാലിത്തീറ്റ ഏത് ക്ഷീര സഹകരണ സംഘം വഴിയാണ് വിതരണം ചെയ്തതെന്നോ, എത്ര ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തുവെന്നോ ഫയലിൽ ലഭ്യമല്ല. മേൽ അപാകതകൾക്ക് വിശദീകരണം നല്കേണ്ടതാണ്. ആകെ 60,000 + 48,000 + 16200 + 614740 = 7,38,940/- രൂപ തടസ്സത്തിൽ വെക്കുന്നു.

# 1-19 ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ- മരുന്ന് പൂർണ്ണമായും ലഭ്യമല്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ |
| പ്രോജക്ട് നമ്പർ | S0042/19 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| ആകെ അടങ്കൽ | 150000 (Tr. bill No. 1 – 24-12-18) |
| ഭരണാനുമതി നം./തിയ്യതി | 1(1)19.03.2018 |

മേൽ പ്രോജക്ട് പ്രകാരം സർക്കാർ ഹോമിയോ ഡിസ്പെൻസറി, കോലഞ്ചേരി- ലേക്ക് മരുന്ന് ലഭിക്കുന്നതിന് ഹോംകോയ്ക്ക് 26.12.18ന് 150000/-രൂപ പിൻവലിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ഇൻവോയ്സ് നമ്പർ LF-842 തിയ്യതി 13.08.2019 പ്രകാരം 35845/-രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. 114155/- രൂപയുടെ മരുന്നുകൾ കൂടി ലഭിക്കാനുണ്ട്. വിശദീകരണം ലഭ്യമാക്കേണ്ടതാണ്. മരുന്ന് ലഭിച്ചതിന്റെയും അവ സ്റ്റോക്കിലെടുത്തതിന്റെയും വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

# 1-20 ആയുർവേദ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ- മരുന്ന് പൂർണ്ണമായും ലഭ്യമല്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ആയുർവേദ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ |
| പ്രോജക്ട് നമ്പർ | S0024/19 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം |
| ചെലവഴിച്ച തുക | 800000/- (Tr. Bill No. 2/12-10-18) |
| ഭരണാനുമതി നം./തിയ്യതി | 1(1)19.03.2018 |

മേൽ പ്രോജക്ട് പ്രകാരം സർക്കാർ ആയുർവേദ ഡിസ്പെൻസറിയക്ക് മരുന്ന് ലഭിക്കുന്നതിന് ഔഷധിയ്ക്ക് 17.10.18 ന് 800000/-രൂപ പിൻവലിച്ചിട്ടുണ്ട്. എന്നാൽ 27.02.19 തിയ്യതിവരെ 481929-രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്.

വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# 1-21 മെഡിക്കൽ ഓഫീസർ സി.എച്ച്.സി, നടത്തിയ പ്രോജക്ടിലെ അപാകതകൾ

1. ചെലവു രേഖകൾ ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഇതര സംസ്ഥാന തൊഴിലാളികൾക്കുള്ള സ്ക്രീനിംഗ് ക്യാമ്പ്. |
| പ്രോജക്ട് നമ്പർ | S0054/19 – 18-19 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. |
| ആകെ അടങ്കൽ | 120000/- |

expenditure statement പ്രകാരം മേൽ പ്രോജക്ടിന് തനതുഫണ്ടിൽ നിന്നും 120000/-രൂപ ചെലവഴിച്ചതായി കാണുന്നു. എന്നാൽ തന്നിരിക്കുന്ന ചെലവു പത്രിക പ്രകാരം 110000/-രൂപ ചെലവഴിച്ചതായാണ് കാണുന്നത്.

2. ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റേയും വിതരണം ചെയ്തതിന്റേയും വിശദാംശങ്ങൾ ലഭ്യമല്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | സി.എച്ച്.സിയിലേക്ക് ഭിന്നശേഷിക്കാർക്ക് ഫിസിയോതെറാപ്പി ഉപകരണങ്ങൾ വാങ്ങൽ |
| പ്രോജക്ട് നമ്പർ | S0195/19 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. |
| ചെലവു തുക | 250000/- |

ഭിന്നശേഷിക്കാർക്ക് ഫിസിയോതെറാപ്പി ഉപകരണങ്ങൾ വാങ്ങുന്നതിന് SIDCOയിൽ നിന്നും പ്രഫോർമ ഇൻവോയ്സ് നം. P1/MJI0916 dated 28.02.2019 പ്രകാരം 250000/- രൂപയുടെ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. മേൽ ഉപകരണങ്ങൾ ലഭ്യമാക്കിയതിന്റെയോ സ്റ്റോക്കിലെടുത്തതിന്റേയോ, അവ വിതരണം ചെയ്തതിന്റെയോ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമായില്ല.

3. ചെലവു രേഖകൾ ഹാജരാക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പരിരക്ഷാ ഹോംകെയർ |
| പ്രോജക്ട് നമ്പർ | 161 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. |
| ചെലവു തുക | 111146/- |

തന്നിരിക്കുന്ന ചെലവു പത്രിക പ്രകാരം 78449/-രൂപ 2018 മാർച്ച് മാസത്തിൽ ചെലവഴിച്ചതായി കാണുന്നു. അവശേഷിക്കുന്ന തുക 32697/-ചെലവഴിച്ചതിന്റെ ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ഭവന സന്ദർശന ഡയറി ഹാജരാക്കിയിട്ടില്ല.

4.ഭിന്നശേഷിക്കാർക്ക് മരുന്ന് വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്

പ്രൊജക്ട് നമ്പർ - 111/18-19
നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ

ബിൽ നമ്പർ - 5/18-19

ചെലവു തുക - 2,50,000

ഭിന്നശേഷിക്കാർക്ക് മരുന്ന് വിതരണം ചെയ്യുന്നതിനായി 250000/-രൂപ Expenditure Statement പ്രകാരം ചെലവഴിച്ചിട്ടുണ്ട്. കേരള മെഡിക്കൽ സർവ്വീസ് കോപ്പറേഷന്റെ Performa Invoice No. PRF5580 dated 22.03.2019 പ്രകാരം 250000/-രൂപയുടെ മരുന്നുകളുടെ വിശദാംശം ഉണ്ട്. മരുന്ന് ലഭ്യമായതിന്റെയോ, അവ സ്റ്റോക്കിലെടുത്തതിന്റെയോ, അവ വിതരണം ചെയ്തതിന്റേയോ വിശദാംശങ്ങൾ ലഭ്യമല്ല. വിശദ വിവരങ്ങൾ ലഭ്യമാകുന്നതുവരെ 5,42,697/- രൂപ തടസ്സം ചെയ്യുന്നു.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# 1-22 പെരുമ്പറമ്പ് അംഗനവാടി (നം.78) കെട്ടിട നിർമ്മാണം - ഗുണമേൻമയില്ലാത്ത പ്രവൃത്തി

പ്രോജക്റ്റ് നം - 126/18

എം. ബുക്ക് - 39/17-18, 38/17-18

കരാർ - 62/31.3.17

മൂല്യനിർണ്ണയം - 590051

ചെക്ക് - 2672418/22.6.18

കരാറുകാരൻ – ശ്രീ.TV.ഷാജേഷ്

TS-800000

Est. No-2018/126694

8 ലക്ഷം അടങ്കലുള്ള പ്രവൃത്തി 5,90,051 രൂപ മൂല്യനിർണ്ണയത്തിൽ പൂർത്തിയായിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി 31.10.19 ന് അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നേരിൽ പരിശോധിച്ചതിൽ ഗുണമേൻമ ഇല്ലാത്ത പ്രവൃത്തിയാണെന്ന് ബോധ്യപ്പെട്ടു. 2017-18 വർഷത്തിൽ പൂർത്തിയായ കെട്ടിടത്തിന് പേമെന്റ് അനുവദിച്ചത് 2018-19 വർഷത്തിലാണ്. പ്രവൃത്തി കഴിഞ്ഞ ശേഷം കെട്ടിടത്തിന്റെ ഉൾവശത്ത് 3 വശത്ത് നിന്നും ചോർച്ചയുണ്ടായിട്ടുണ്ട്. മാത്രമല്ല കെട്ടിടത്തിന്റെ പ്ലാസ്റ്ററിംഗ് അടർന്ന് വീണുകൊണ്ടിരിക്കുന്ന സ്ഥിതിയിലാണ്. കെട്ടിടത്തിന്റെ ചോർച്ച പരിഹരിക്കുന്നതിന് 2017-18 വർഷത്തിൽ കെട്ടിടത്തിൻമേൽ റൂഫിംഗിന് വേണ്ടി പ്രോജക്റ്റ് (പ്രോജക്റ്റ് നം - 188/19) തയ്യാറാക്കുകയും പ്രവൃത്തി 153831രൂപ മൂല്യനിർണ്ണയത്തിൽ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തി ഗുണമേൻമയില്ലാതെ ചെയ്തതിനാൽ ഉണ്ടായ നഷ്ടം കരാറുകാരനിൽ നിന്നും ഈടാക്കാൻ ഭരണസമിതി തലത്തിൽ ഉചിതമായ നടപടി സ്വീകരിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

# 1-23 പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ പ്രവൃത്തി നിശ്ചിത സമയ പരിധിക്കകം പൂർത്തീകരിച്ചിട്ടില്ല. നിശ്ചിത സമയത്തിനകം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് കേരള പൊതുമരാമത്ത് മാന്വൽ 2012 ഖ.2112 നിർദ്ദേശിക്കും പ്രകാരമുള്ള പിഴ ഈടാക്കാതെയാണ് കരാറുകാർക്ക് തുക നൽകിയിട്ടുള്ളത്.

കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുമ്പായി നൽകേണ്ടതാണ്. എന്നാൽ അത്തരത്തിലുള്ള അപേക്ഷകൾ ഫയലിൽ ഇല്ല. അതുകൊണ്ടുതന്നെ കരാറുകാരുടെ പിഴവ് മൂലമാണ് പ്രവൃത്തി വൈകിയതെന്ന് വ്യക്തമാണ്. കരാറുകാരുടെ പിഴവ് മൂലം പ്രവൃത്തി പൂർത്തീകരണം വൈകിയാൽ 25% വരെയുള്ള ദിവസത്തിന് 1% നിരക്കിലും തുടർന്നുള്ള കാലയളവിലേക്ക് 2% നിരക്കിലുമാണ് പിഴ ഈടാക്കേണ്ടത്. 2018-19 വർഷത്തിൽ പൂർത്തീകരിച്ച 4 പ്രവൃത്തികളിൽ പിഴ ഇനത്തിൽ കരാറുകാരിൽ നിന്നും തുക ഈടാക്കിയില്ല. 36,306 രൂപ ഈയിനത്തിൽ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദ വിവരം ഭാഗം 3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-24 മരാമത്ത് പ്രവൃത്തിയിൽ ജി.എസ്.ടിയിൻമേൽ TDS ഈടാക്കിയിട്ടില്ല

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

കേന്ദ്ര സർക്കാറിന്റെ 14.9.18 ലെ 65/39/2018-DOR നം സർക്കുലർ പ്രകാരം മരാമത്ത് പ്രവൃത്തികളിൽ 1.10.2018 മുതൽ കരാറുകാർക്ക് അനുവദിക്കുന്ന പേമെന്റുകളിൽ നിന്നും ജി.എസ്.ടിയിൻമേൽ 2% TDS ഈടാക്കേണ്ടതാണ്. താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളിൽ പേമെന്റ് നടത്തിയിട്ടുള്ളത് 1.10.18 ന് ശേഷമാണെങ്കിലും 2% TDS ഈടാക്കിയിട്ടില്ല. ജി.എസ്.ടിയിൻമേൽ 2% TDS ഈടാക്കുന്നുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തേണ്ടതാണ്.

| പ്രോജക്റ്റ് | പ്രവൃത്തി | തുക | ബിൽ | TDS കുറവ് ചെയ്യേണ്ടത് |
|---|---|---|---|---|
| SO109/19 | മാങ്ങാട്ടൂർ ആരോഗ്യ ഉപകേന്ദ്രം അറ്റകുറ്റ പണികൾ | 89373 | 23/26.11.18 | 1787 |

ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല (AUDIT ENQUIRY No. 17 / 29.10.19). ഭാവിയിൽ മരാമത്ത് പ്രവൃത്തികളുടെ ജി.എസ്.ടിയിൻമേൽ 2% TDS ഈടാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

# 1-25 പൊതു മരാമത്ത് പ്രവൃത്തികൾ - അവലോകനം

2018-19 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 82 പദ്ധതികൾ തയ്യാറാക്കിയെങ്കിലും 58 പ്രൊജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. വിഭാവനം ചെയ്ത പദ്ധതികളിൽ ശതമാനവും ഓഡിറ്റ് വർഷം നടപ്പാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 82 | ആകെ അടങ്കൽ | 24566547 |
| നടപ്പിലാക്കിയത് | 58 | ചെലവ് | 16416411 |
| ശതമാനം | 70 | ചെലവ് ശതമാനം | 66 |

`ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകളിൽ 30 എണ്ണവും സ്പിൽ ഓവർ പ്രൊജക്ടുകളായിരുന്നു. എന്നാൽ അവയിൽ 11 പ്രൊജക്ടുകൾ ഈ വർഷവും നടപ്പിലാക്കിയിട്ടില്ല. സ്പിൽ ഓവർ പ്രവൃത്തികൾ അതേ വർഷം തന്നെ പൂർത്തിയാക്കണമെന്ന സർക്കാർ നിർദ്ദേശം പാലിക്കാൻ ഗ്രാമ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല.

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ്

2018-19 വർഷത്തെ പദ്ധതി രൂപീകരണവും നിർവ്വഹണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്നത് 3 തവണയാണ്. (2017-18 വർഷത്തിൽ ഒരു തവണയും 2018-19 വർഷത്തിൽ 2 തവണയും യോഗം ചേർന്നു).

വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിൽ പ്രവർത്തിക്കേണ്ട പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തുകയോ, ഗ്രൂപ്പിന് മാർഗ്ഗനിർദ്ദേശം നൽകുകയോ ചെയ്തിട്ടില്ല.

പ്രോജക്ടുകളുടെ ആധിക്യം നിർവ്വഹണത്തെ ബാധിക്കുന്നു

ഗ്രാമ പഞ്ചായത്തിൽ 1 അസിസ്റ്റന്റ് എഞ്ചിനീയർ, 1 ഓവർസിയർ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ഒരു ക്ലാർക്ക് എന്നിവരടക്കം ആകെ 3 ജീവനക്കാരാണ് ഓഡിറ്റ് വർഷത്തിൽ ഉണ്ടായിരുന്നത്. നിലവിൽ 2 ഓവർസിയർക്കുള്ള പോസ്റ്റ് ഉണ്ടെങ്കിലും വർഷങ്ങളായി ഒരു ഓവർസിയർ മാത്രമാണ് ജോലി ചെയ്യുന്നത്. ഗ്രാമ പഞ്ചായത്തിൽ 2018-19 വാർഷിക പദ്ധതിയുടെ 33% അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കാനുള്ള പദ്ധതികളാണ്. ഈ പ്രോജക്ടുകളുടെയെല്ലാം എസ്റ്റിമേറ്റ് തയ്യാറാക്കുകയും തുടർന്ന് പ്രവൃത്തിയുടെ മേൽനോട്ടം വഹിക്കലും ബില്ല്, അളവ് പുസ്തകം എഴുതൽ എന്നിവയെല്ലാം ചെയ്യേണ്ടത് ഇവർ 3 പേർ ചേർന്നാണ്. മാത്രമല്ല പഞ്ചായത്തിലെ 19 വാർഡുകളിലെ കെട്ടിടങ്ങളുടെ പെർമിറ്റ്, നമ്പറിങ്ങ് എന്നിവയുമായി ബന്ധപ്പെട്ട ഭാരിച്ച ജോലികളും ഇവരുടെ ചുമതലയിൽ ഉണ്ടായിരുന്നു. പരിമിതമായ ജീവനക്കാർ മാത്രമായതും പ്രവൃത്തികളുടെ ബാഹുല്യവും പദ്ധതി നടപ്പിലാക്കുന്നത് വൈകുന്നതിനും, മുഴുവൻ പദ്ധതികളും നടപ്പിലാക്കാൻ കഴിയാതിരുന്നതിനും കാരണമായി. മാത്രമല്ല ജീവനക്കാരുടെ കുറവും പ്രവൃത്തികളുടെ ബാഹുല്യവും കാരണം പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനും കഴിയുന്നില്ല എന്ന് വ്യക്തമാണ്. പഞ്ചായത്തിനെ മൊത്തം ഒരു യൂണിറ്റായി കണ്ട് പദ്ധതികൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റികൾ മുൻകൈ എടുക്കേണ്ടതും ഫണ്ടുകൾ വാർഡുകൾക്കായി വീതം വെക്കുന്ന പ്രവണത ഒഴിവാക്കാൻ ശ്രമിക്കേണ്ടതുമാണ്.

2019-20 വർഷത്തിലേക്ക് National urban Mission പ്രോജക്ടുകളുടെ ഭാഗമായി 236 ലക്ഷം രൂപയുടെ റോഡ് പ്രവൃത്തികളും 494 ലക്ഷം രൂപയുടെ ബിൽഡിംഗ് പ്രവൃത്തികളും എടപ്പാൾ ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കേണ്ടതുണ്ട്. ഇവയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. പ്രവൃത്തികളുടെ ഗുണമേൻമ ഉറപ്പ് വരുത്തുന്നതിന് എഞ്ചിനീയറിംഗ് വിഭാഗത്തിലെ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമാണ്.

റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയിട്ടില്ല

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രോജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചതായി കണ്ടില്ല.

കൂടാതെ പഞ്ചായത്തിന്റെ ആസ്തികളുടെ സംരക്ഷണത്തിന് മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കേണ്ട പ്രവൃത്തികൾ ഉൾപ്പെടുത്തി ഒരു മെയിന്റനൻസ് പ്ലാനും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ഇക്കാരണങ്ങളാൽ തന്നെ മേൽ വർഷത്തിൽ നടപ്പാക്കേണ്ട ഏറ്റവും അനിവാര്യമായ പ്രൊജക്ടുകളാണോ നടപ്പാക്കിയത് എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്ടുകൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കിയില്ല

പതിമൂന്നാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ പ്രകാരം പദ്ധതികൾ രൂപീകരിക്കുന്നതിന് അടിസ്ഥാന രേഖയായി പരിഗണിക്കേണ്ട സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ ഓഡിറ്റ് വർഷം തയ്യാറാക്കിയ പ്രൊജക്റ്റുകൾ സംബന്ധിച്ച പരിശോധന പൂർണ്ണ തോതിൽ നടത്താനായിട്ടില്ല. വരും വർഷങ്ങളിൽ കുറ്റമറ്റ രീതിയിൽ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കേണ്ടതും സ്റ്റാന്റിങ് കമ്മിറ്റി ഇക്കാര്യത്തിൽ ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

പ്രവൃത്തികൾക്ക് ആവശ്യത്തിൽ കൂടുതൽ സമയം നൽകുന്നു.

മിക്ക പ്രവൃത്തികൾക്കും 8 മാസം മുതൽ 10 മാസം വരെ പൂർത്തീകരണ കാലാവധി നൽകിയിട്ടുണ്ട്. എന്നിട്ടും പല പ്രവൃത്തികളും കരാറിൽ പറഞ്ഞ കാലയളവിൽ പൂർത്തീകരിച്ചിട്ടില്ല. 50000 രൂപ അടങ്കലുള്ള പ്രവൃത്തികൾക്ക് പോലും 8 മാസം വരെ പൂർത്തീകരണ കാലാവധി നൽകിയത് നല്ല പ്രവണതയല്ല.

പ്രവൃത്തികളുടെ ഗുണമേൻമ ഉറപ്പ് വരുത്തുന്നില്ല

2018-19 വർഷത്തിൽ അംഗീകാരം ലഭിച്ച മുഴുവൻ മരാമത്ത് പ്രവൃത്തികളും ടെണ്ടർ മുഖേനയാണ് നടത്തിയത്. അഞ്ച് ലക്ഷവും അതിന് മുകളിലും അടങ്കലുള്ള പ്രവൃത്തികൾ ഇ-ടെണ്ടർ മുഖേനയും ബാക്കിയുള്ളവ മാന്വൽ ടെണ്ടറും ആയാണ് പ്രവൃത്തികൾ ടെണ്ടർ ചെയ്തത്.

മാന്വൽ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത ഭൂരിഭാഗം ടാറിങ് പ്രവൃത്തികളിലും ഇ-ടെണ്ടർ മുഖേന നടത്തിയ പ്രവൃത്തികളിലും മൽസരാധിഷ്ഠിത ടെണ്ടറിംഗ് നടന്നിട്ടുണ്ട്. അതുകൊണ്ട് തന്നെ പഞ്ചായത്തിന് ടെണ്ടർ സേവിംഗ്സ് ഇനത്തിൽ ധാരാളം തുക ലഭിച്ചിട്ടുണ്ട്. എന്നാൽ ടെണ്ടർ കുറവിലെടുത്ത പല പ്രവൃത്തികളും ഓഡിറ്റിന്റെ ഭാഗമായി സ്ഥല പരിശോധന നടത്തിയതിൽ പ്രവൃത്തികളുടെ ഗുണമേൻമ വളരെ മോശമാണെന്ന് ബോധ്യപ്പെട്ടു.

പ്രവൃത്തികളുടെ ഗുണമേൻമ ഉറപ്പ് വരുത്തുന്നതിന് പഞ്ചായത്ത് ഭരണസമിതി തലത്തിൽ ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-26 പെരുമ്പറമ്പ് അംഗനവാടി (നം.78) ഷീറ്റിടൽ -അപാകത - അധികം നൽകിയത് 3553 രൂപ

കെട്ടിടത്തിന് മേൽക്കൂര നിർമ്മിച്ചപ്പോൾ സ്റ്റീൽ വർക്ക് പ്രവൃത്തിക്ക് (സ്റ്റെയർ ഒഴികെ) ട്രസ്സ് വർക്ക് ചെയ്യുന്നതിനുള്ള DSR code 10.16.1 പ്രകാരമുള്ള 123.87/kg നിരക്കാണ് അനുവദിച്ചിട്ടുള്ളത് . എന്നാൽ ഈ പ്രവൃത്തിയിൽ ചെയ്തിട്ടുള്ളത് GI Pipe ഉപയോഗിച്ചുള്ള സിംഗിൾ സെക്ഷൻ പ്രവൃത്തിയായതിനാൽ അനുവദിക്കാവുന്ന നിരക്ക് (DSR 50.10.2) പ്രകാരം 111.92/kg രൂപയാണ്. പ്രവൃത്തി അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ 30-10-19 ന് നേരിൽ സന്ദർശിച്ചതിൽ ഇക്കാര്യം ബോധ്യപ്പെട്ടു. പ്രവൃത്തിയിൽ കരാറുകാരന് 4,007 രൂപ അധികം നൽകി. പ്രവൃത്തിയുമായി ബന്ധപ്പെട്ട അപാകതകളുടെ വിശദ വിവരങ്ങൾ ഭാഗം 3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-27 SC കോളനിയിൽ കലാകേന്ദ്രം സ്ഥാപിക്കൽ -പ്രവൃത്തി ജില്ലാപഞ്ചായത്ത് കെട്ടിടത്തിന് മുകളിൽ - അധികം നൽകിയത് 3005 രൂപ

പ്രോജക്റ്റ് നം - 148/18

കെട്ടിടത്തിന് മേൽക്കൂര നിർമ്മിച്ചപ്പോൾ പർലിൻ/സിംഗിൾ സെക്ഷൻ ഉൾപ്പെടെയുള്ള സ്റ്റീൽ വർക്ക് പ്രവൃത്തിക്ക് ട്രസ്സ് വർക്ക് ചെയ്യുന്നതിനുള്ള 140.41/kg നിരക്കാണ് അനുവദിച്ചിട്ടുള്ളത് (DSR 50.10.1). എന്നാൽ

ഈ പ്രവൃത്തിയിൽ 126.795kg വരുന്ന പർലിൻ പ്രവൃത്തികൾ സിംഗിൾ സെക്ഷൻ പ്രവൃത്തിയായതിനാൽ അനുവദിക്കാവുന്ന നിരക്ക് (DSR 50.10.2) പ്രകാരമുള്ള 114.33/kg രൂപയാണ്. പർലിൻ പ്രവൃത്തിക്ക് അധിക നിരക്ക് നൽകിയതിനാൽ പ്രവൃത്തിക്കായി കരാറുകാരന് 3005 രൂപ അധികം നൽകി. കൂടാതെ പ്രവൃത്തി 31.10.19 ന് അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നേരിൽ പരിശോധിച്ചതിൽ പ്രവൃത്തിയിൽ ചെയ്ത ഫാൾസ് സീലിംഗ് 10 മീറ്ററിൽ 5 മീറ്ററോളം അടർന്ന് വീണതായി കണ്ടു. എക്സിറ്റ് മീറ്റിംഗിൽ ഇക്കാര്യം പ്രതിപാദിച്ചതിൽ പ്രവൃത്തിയുടെ കരാറുകാരെകൊണ്ട് ശരിയാക്കിക്കുന്നതാണ് എന്ന് അറിയിച്ചു. ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി നഷ്ട തുക 3005 രൂപ കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണെന്ന് അറിയിച്ചു (AUDIT ENQUIRY No. 19 / 29.10.19).

SC കോളനിയിൽ കലാകേന്ദ്രം സ്ഥാപിക്കുന്നതിന് 615000 രൂപ അടങ്കലിൽ അംഗീകാരം വാങ്ങുകയും 443640 രൂപ ചെലവിൽ കെട്ടിടം നിർമ്മിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും മുൻ വർഷത്തിൽ ജില്ലാ പഞ്ചായത്ത് നിർമ്മിച്ച കെട്ടിടത്തിന് മുകളിലാണ് 443640 രൂപ ചെലവിൽ കലാകേന്ദ്രം നിർമ്മിച്ചിട്ടുള്ളത്. ജില്ലാ പഞ്ചായത്ത് ഉണ്ടാക്കിയ കെട്ടിടം എടപ്പാൾ ഗ്രാമ പഞ്ചായത്തിന് കൈമാറിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖ പരിശോധനക്ക് ഹാജരാക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ നിരാകരിച്ച 3005 രൂപ ഒഴികെയുള്ള തുക 440635 രൂപ തടസ്സം ചെയ്യുന്നു.
പ്രവൃത്തിയുമായി ബന്ധപ്പെട്ട അപാകതയുടെ വിശദ വിവരം ഭാഗം 3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-28 പകൽ വീട്-എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ ഇലക്ട്രിഫിക്കേഷന് പ്രൊവിഷൻ വെച്ചില്ല

പ്രോജക്റ്റ് നം - 143/18

കരാർ - 55/23.2.18 (E-Tender)

MB- 22/18-19,195/18-19

മൂല്യനിർണ്ണയം - 1051903

ബിൽ - 22/27.11.18- 51903 (ഗ്രാ.പ വിഹിതം)

ചെക്ക് നം.- 2672703/24.11.18-358508 (ബ്ലോക്ക് വിഹിതം)

3244237/30.7.18-641492 (ബ്ലോക്ക് വിഹിതം)

കരാറുകാരൻ -സുബ്രമണ്യൻ

Cost Index -40.2% (DSR 2014)

TS-12,00,000

Est. No-2017/1126

ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 10 ലക്ഷം രൂപയും ഗ്രാമ പഞ്ചായത്തിൽ നിന്നും 2 ലക്ഷം രൂപയും ഉൾപ്പെടെ 12 ലക്ഷം രൂപ വകയിരുത്തി അംഗീകാരം വാങ്ങിയ ഈ പ്രോജക്ടിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ പ്ലംബിംഗ് വർക്കുകൾക്കും ഇലക്ട്രിഫിക്കേഷൻ വർക്കുകൾക്കും പ്രൊവിഷൻ വെക്കുന്നതിന് പകരം പ്ലംബിംഗ് വർക്കുകൾക്കു മാത്രമാണ് പ്രൊവിഷൻ വച്ചത്. ഇലക്ട്രിഫിക്കേഷന് പ്രൊവിഷൻ വക്കാത്തതിനാൽ കെട്ടിട നിർമ്മാണം പൂർത്തിയായിട്ടും കെട്ടിടം ഉപയോഗപ്പെടുത്താൻ കഴിയാത്ത അവസ്ഥയായി. 8.11.2018 ന് പണി പൂർത്തിയായ ഈ കെട്ടിടം ഒരു വർഷമായി വെറുതെ കിടക്കുകയാണ്. 12 ലക്ഷം രൂപ വകയിരുത്തിയ പദ്ധതി 10,51,903 രൂപ മൂല്യ നിർണ്ണയത്തിൽ പൂർത്തിയായി. ഇലക്ട്രിഫിക്കേഷനുള്ള തുക കൂടി ബാക്കിയുണ്ടായിരുന്നിട്ടും

എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകത കാരണം തുക വിനിയോഗിക്കാൻ കഴിയാതെയായി. കെട്ടിട നിർമ്മാണ പ്രവൃത്തികളിൽ കെട്ടിടം തൻ വർഷം ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ ആവശ്യമുള്ള ഇനങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതും അപൂർണ്ണമായ രീതിയിൽ എസ്റ്റിമേറ്റ് ഉണ്ടാക്കുന്ന രീതി ഒഴിവാക്കേണ്ടതുമാണ്. കൂടാതെ 31.10.19 ന് ടി പ്രവൃത്തി അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നേരിൽ പരിശോധിച്ചതിൽ കെട്ടിടത്തിൽ പ്ലംബിംഗ് പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടെങ്കിലും വെള്ളത്തിനുള്ള ഉറവിടം കണ്ടെത്തിയിട്ടില്ല എന്ന് കണ്ടു. 2019-20 വർഷത്തേക്ക് ടി കെട്ടിടത്തിന്റെ ബാക്കി പ്രവൃത്തികൾക്ക് (ഇലക്ട്രിഫിക്കേഷൻ, കുടിവെള്ളം) പദ്ധതി തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖ പരിശോധനക്ക് ഹാജരാക്കേണ്ടതാണ് എന്ന് അറിയിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No.13/29.10.19) മറുപടിയായി 2019-20 വർഷത്തിൽ പദ്ധതി തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുണ്ടെന്നും Rural Mission പ്രോജക്ടിൽ (കേന്ദ്ര പദ്ധതി) ഉൾപ്പെടുത്തി കെട്ടിടത്തിന് കുടിവെള്ളത്തിന് പൈപ്പ് ലൈൻ കണക്ഷൻ ലഭ്യമാക്കുന്നതാണെന്നും അറിയിച്ചു. പ്രവൃത്തിയുമായി ബന്ധപ്പെട്ട തുടർനടപടി വിവരം ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

# 1-29 ആരോഗ്യ ജാഗ്രത- ചെലവ് വിശദാംശം ലഭ്യമാക്കേണ്ടതാണ്.

വൗച്ചർ 298/12-7-18 : 285000 (95000 തനത് ഫണ്ട്, 95000 ആരോഗ്യജാഗ്രത ഫണ്ട്)

19 വാർഡുകളിലെ വാർഡ് സാനിറ്റേഷൻ കമ്മിറ്റികളുടെ അക്കൗണ്ടുകളിലേക്ക് 15000 രൂപ വീതം സി.എച്ച്.സി മെഡിക്കൽ ഓഫീസറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സെക്രട്ടറി കൈമാറിയിട്ടുണ്ട്. ചെലവു രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ 9/29.10.19 നമ്പർ അന്വേഷണകുറിപ്പിന് മറുപടിയൊന്നും ലഭ്യമാക്കാത്ത സാഹചര്യത്തിൽ ചെലവ് തുക തടസ്സം ചെയ്യുന്നു.

# 1-30 വികലാംഗ പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം

ജി.ഒ (പി) 105/2002/ത.സ്വ.ഭ.വ തിയ്യതി 25.06.2002 പ്രകാരം അപേക്ഷ ലഭിച്ച് 40 ദിവസത്തിനകം പെൻഷൻ അനുവദിക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ലഭിച്ച അപേക്ഷകളിൽ അന്വേഷണം നടത്തി തീർപ്പു കൽപ്പിക്കുന്നതിലും അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിലും വീഴ്ചകൾ ഉണ്ടായിട്ടുണ്ട്.താഴെ പരാമർശിക്കുന്ന അപേക്ഷകൾ സമയബന്ധിതമായി അന്വേഷണം നടത്തി സമർപ്പിക്കുന്നതിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ ഭാഗത്ത് വീഴ്ച സംഭവിച്ചതായി കാണുന്നു.

| ക്രമ നമ്പർ | അപേക്ഷ നമ്പർ/ തിയ്യതി | ഗുണഭോക്താവ് | അന്വേഷണത്തിന് നൽകിയത് | തിരിച്ചു കിട്ടിയത് | റിമാർക്സ് |
|---|---|---|---|---|---|
| 1 | B6-5260/17/ 7-8-17 | രേഷ്മ സി | - | 11.7.19 | |
| 2 | B2/4086/18/ 13-6-18 | ബാബു.എം | 14.6.18 | - | തിരിച്ചു കിട്ടിയത് രേഖപ്പെടുത്തിയിട്ടില്ല |
| 3 | B2-4274/18/ 25-4-18 | സുധീഷ് കുമാർ | 9.7.18 | 11.12.18 | |
| 4 | B2-4491/18/ | മുഹമ്മദ് അഷ്റഫ് | 9.7.18 | 11.12.18 | |

| | | | | | |
|---|---|---|---|---|---|
| | 28-6-18 | സി | | | |
| 5 | B2-7098/18/ 15-10-18 | ഷഹബാസ്. വി | 11.12.18 | - | തിരിച്ച കിട്ടിയില്ല. പുതിയ അപേക്ഷ സ്വീകരിച്ച് 31.8.19 ന് തീര്പ്പാക്കി |
| 6 | B2-1519/19/ 7-3-19 | ശ്രീമതി. സി.കെ | 15.3.19 | 3.6.19 | |
| 7 | B2-613/19/ 6-2-19 | ആയിഷ.വി | 15.3.19 | 11.7.19 | |
| 8 | B2-498/19/ 1-2-19 | സൈനുദ്ദീൻ.കെ.പി | 15.3.19 | 11.7.19 | |

അപേക്ഷകളിൽ ചട്ടപ്രകാരം നടപടികൾ സ്വീകരിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-31 പ്രളയ സർവ്വേ- വിശദാംശം ലഭ്യമാക്കാത്തതിനാൽ ചെലവ് തടസ്സം ചെയ്യുന്നു

വൗച്ചർ 518/12-9-18 : 46800

G.O(Rt) 2221/LSGD/10.8.18 ന്റെയും ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിൽ പ്രളയ സർവ്വേ നടത്തിയതിന് വളണ്ടിയർമാർക്കായി 46800 രൂപ ചെലവഴിച്ചിട്ടുണ്ട്. സൂചിത സർക്കാർ ഉത്തരവ് പ്രകാരം ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും കുടിവെള്ളം ലഭ്യമാക്കൽ, പുനരധിവാസ പ്രവർത്തനങ്ങൾ നടത്തൽ എന്നിവക്കുമാണ് തുക ചെലവഴിക്കാൻ അനുവാദമുള്ളത്. സർവ്വേയിൽ പങ്കെടുത്തവരെ സംബന്ധിച്ച വിവരങ്ങളും ആയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് (12/29.10.19) മറുപടിയൊന്നും ലഭ്യമാക്കാത്ത സാഹചര്യത്തിൽ ചെലവ് തടസ്സം ചെയ്യുന്നു.

<u>ഭാഗം – 2</u>

<u>വരവ് – വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

പരാമർശം ഇല്ല.

<u>ഭാഗം – 3</u>

<u>ചെലവ് – വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 3-1 പെരുമ്പറമ്പ് അംഗനവാടി (നം.78) ഷീറ്റിടൽ -അപാകത - അധികം നൽകിയത് 3553 രൂപ

പ്രോജക്റ്റ് നം - 188/19

എം. ബുക്ക് - 159/17-18

കരാർ - 40/21.11.18

മൂല്യനിർണ്ണയം - 153831

ബിൽ - 62/20.3.19

കരാറുകാരൻ -EP.ചാത്തപ്പൻ

Cost Index -37.25% (DSR 2016)

TS-215000

Est. No-2018/126694

കെട്ടിടത്തിന് മേൽക്കൂര നിർമ്മിച്ചപ്പോൾ സ്റ്റീൽ വർക്ക് പ്രവൃത്തിക്ക് (സ്റ്റെയർ ഒഴികെ) ട്രസ്സ് വർക്ക് ചെയ്യുന്നതിനുള്ള DSR code 10.16.1 പ്രകാരമുള്ള 123.87/kg നിരക്കാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ ഈ പ്രവൃത്തിയിൽ ചെയ്തിട്ടുള്ളത് GI Pipe ഉപയോഗിച്ചുള്ള സിംഗിൾ സെക്ഷൻ പ്രവൃത്തിയായതിനാൽ അനുവദിക്കാവുന്ന നിരക്ക് (DSR 50.10.2) പ്രകാരം 111.92/kg രൂപയാണ്. വിശദ വിവരം ചുവടെ

| ഇനം | അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികം |
|---|---|---|---|
| 4 | 660.66 kg x 123.87/kg = 81836 | 335.32 kg x 111.92/kg = 37529<br>325.34 kg x 123.87/kg = 40300 (Stair)<br>77829<br>(37529+40300) | 4007 |

കരാറുകാരന് അധികം നൽകിയത് - 3553 (4007-11.33% ടെണ്ടർ കുറവ്)

ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി നഷ്ട തുക 3553 രൂപ തുക കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണെന്ന് അറിയിച്ചു (AUDIT ENQUIRY No. 14 / 29.10.19). തുക കരാറുകാരനിൽ നിന്നും ഈടാക്കുന്നത് വരെ 3553 രൂപ പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ അസി.എഞ്ചിനീയറുടെ ബാധ്യതയായി നിജപ്പെടുത്തുന്നു.

## 3-2 SC കോളനിയിൽ കലാകേന്ദ്രം സ്ഥാപിക്കൽ -പ്രവൃത്തി ജില്ലാപഞ്ചായത്ത് കെട്ടിടത്തിന് മുകളിൽ - അധികം നൽകിയത് 3005 രൂപ

പ്രോജക്റ്റ് നം - 148/18

എം. ബുക്ക് - 176/17-18,110/17-18

കരാർ - 52/14.2.18 (E-Tender)

മൂല്യനിർണ്ണയം - 443640

ബിൽ - 5/22.5.18- 112614, 58/20.3.19- 443640

കരാറുകാരൻ -TV.ഷജേഷ്

Cost Index -40.2% (DSR 2014)

TS-615000

Est. No-2017/1126

കെട്ടിടത്തിന് മേൽക്കൂര നിർമ്മിച്ചപ്പോൾ പർലിൻ/സിംഗിൾ സെക്ഷൻ ഉൾപെടെയുള്ള സ്റ്റീൽ വർക്ക് പ്രവൃത്തിക്ക് ട്രസ്സ് വർക്ക് ചെയ്യുന്നതിനുള്ള 140.41/kg നിരക്കാണ് അനുവദിച്ചിട്ടുള്ളത് (DSR 50.10.1). എന്നാൽ ഈ പ്രവൃത്തിയിൽ 126.795kg വരുന്ന പർലിൻ പ്രവൃത്തികൾ സിംഗിൾ സെക്ഷൻ പ്രവൃത്തിയായതിനാൽ അനുവദിക്കാവുന്ന നിരക്ക് (DSR 50.10.2) പ്രകാരമുള്ള 114.33/kg രൂപയാണ്. വിശദ വിവരം ചുവടെ

| ഇനം | അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികം |
|---|---|---|---|
| 9 | 455.079 kg x 127.55/kg = 58045.32<br>((140.41-9.16% Tender below)= 127.55/kg) | 328.284 kg x 127.55/kg = 41873<br>126.795 kg x 103.85/kg = 13167<br>55050<br>(41873+13167)<br>(114.33/kg-9.16% = 103.85/kg) | 3005 |

കൂടാതെ പ്രവൃത്തി 31.10.19 ന് അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നേരിൽ പരിശോധിച്ചതിൽ പ്രവൃത്തിയിൽ ചെയ്ത ഫാൾസ് സീലിംഗ് 10 മീറ്ററിൽ 5 മീറ്ററോളം അടർന്ന് വീണതായി കണ്ടു. എക്സിറ്റ് മീറ്റിംഗിൽ ഇക്കാര്യം പ്രതിപാദിച്ചതിൽ പ്രവൃത്തിയുടെ കരാറുകാരെകൊണ്ട് ശരിയാക്കിക്കുന്നതാണ് എന്ന് അറിയിച്ചു. ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി നഷ്ട തുക 3005 രൂപ തുക കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണെന്ന് അറിയിച്ച (AUDIT ENQUIRY No. 19/29.10.19). തുക കരാറുകാരനിൽ നിന്നും ഈടാക്കുന്നത് വരെ 3005 രൂപ പ്രവൃത്തിയുടെ പേമെന്റ് അനുവദിച്ച അസി.എഞ്ചിനീയറുടെ ബാധ്യതയായി നിജപ്പെടുത്തുന്നു.

SC കോളനിയിൽ കലാകേന്ദ്രം സ്ഥാപിക്കുന്നതിന് 615000 രൂപ അടങ്കലിൽ അംഗീകാരം വാങ്ങുകയും 443640 രൂപ ചെലവിൽ കെട്ടിടം നിർമ്മിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും മുൻ വർഷത്തിൽ ജില്ലാ പഞ്ചായത്ത് നിർമ്മിച്ച കെട്ടിടത്തിന് മുകളിലാണ് 443640 രൂപ ചെലവിൽ കലാകേന്ദ്രം നിർമ്മിച്ചിട്ടുള്ളത്. ജില്ലാ പഞ്ചായത്ത് ഉണ്ടാക്കിയ കെട്ടിടം എടപ്പാൾ ഗ്രാമ പഞ്ചായത്തിന് കൈമാറിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖ പരിശോധനക്ക് ഹാജരാക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ നിരാകരിച്ച 3005 രൂപ ഒഴികെയുള്ള തുക 440635 രൂപ തടസ്സം ചെയ്യുന്നു.

## 3-3 പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ പ്രവൃത്തി നിശ്ചിത സമയ പരിധിക്കകം പൂർത്തീകരിച്ചിട്ടില്ല. നിശ്ചിത സമയത്തിനകം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് കേരള പൊതുമരാമത്ത് മാന്വൽ 2012 ഖ.2112 നിർദ്ദേശിക്കും പ്രകാരമുള്ള പിഴ ഈടാക്കാതെയാണ് കരാറുകാർക്ക് തുക നൽകിയിട്ടുള്ളത്.

കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുമ്പായി നൽകേണ്ടതാണ്. എന്നാൽ അത്തരത്തിലുള്ള അപേക്ഷകൾ ഫയലിൽ ഇല്ല. അതുകൊണ്ട് തന്നെ കരാറുകാരുടെ പിഴവ് മൂലമാണ് പ്രവൃത്തി വൈകിയതെന്ന് വ്യക്തമാണ്. കരാറുകാരുടെ പിഴവ് മൂലം പ്രവൃത്തി പൂർത്തീകരണം വൈകിയാൽ 25% വരെയുള്ള ദിവസത്തിന് 1% നിരക്കിലും തുടർന്നുള്ള കാലയളവിലേക്ക് 2% നിരക്കിലുമാണ് പിഴ ഈടാക്കേണ്ടത്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | സൈറ്റ് ഹാൻഡ് ഓവർ ചെയ്തത് | പൂർത്തീകരണ കാലാവധി | പൂർത്തീകരിച്ചത് | പിഴ |
|---|---|---|---|---|
| പഴയങ്ങാടി-പയങ്കുളം കായൽ റോഡ് റീ ടാറിങ് (SO201/18)<br>ബിൽ 36/ 24.12.18<br>തുക 321895<br>PAC-321895<br>അളവ് പുസ്തകം 131/17-18<br>കരാറുകാരൻ ശ്രീ.സുജേഷ്<br>കരാർ. 59/17-18 തീയ്യതി 31.3.2018 (Estimate rate) | 31.3.18 | 30.6.18<br>(3 മാസം) | 4.12.2018 | 9657<br>(22.7.18 വരെ 3219<br>23.7.2018 മുതൽ 15.8.18 വരെ 6438) |
| ഗോപാലൻ നായർ റോഡ് റീ ടാറിങ് (SO202/18)<br>ബിൽ 24/10.12.2018 തുക 150000<br>PAC-150000<br>അളവ് പുസ്തകം 130/17-18<br>കരാറുകാരൻ ശ്രീ.MK.വിജയൻ<br>കരാർ. 56/17-18 തീയ്യതി 26.3.2018 (Estimate rate) | 26.3.18 | 25.6.2018<br>(3 മാസം) | 28.11.2018 | 4500<br>(18.7.18 വരെ 1500<br>19.7.2018 മുതൽ 12.8.18 വരെ 3000) |
| ആയുർവേദ ഡിസ്പൻസറി പുനരുദ്ധാരണം (SO31/18<br>ബിൽ 63/23.3.2019 തുക 152208<br>PAC-182040 (200000-8.98% tender below) | 16.11.17 | 15.6.2018<br>(7 മാസം) | 14.12.2018 | 5460<br>(8.9.18 വരെ 1820<br>9.9.2018 മുതൽ |

| | | | | |
|---|---|---|---|---|
| അളവ് പുസ്തകം 161/17-18<br>കരാറുകാരൻ ശ്രീ.TV.ഷാലു<br>കരാർ. 20/17-18 തീയ്യതി16.11..2017 | | | | 2.11.18 വരെ 3640) |
| SC കോളനിയിൽ കലാകേന്ദ്രം സ്ഥാപിക്കൽ (143/19)<br>ബിൽ 58/20.3.2019(443640)<br>5/22.5.18(112614)<br>തുക 556254<br>PAC-556254<br>അളവ് പുസ്തകം 110/17-18,176/17-18<br>കരാറുകാരൻ ശ്രീ.TV.ഷാജേഷ്<br>കരാർ. 52/17-18 തീയ്യതി 14.2.2018(E-Tender) | 14.2.2018 | 13.7.18<br>(5 മാസം) | 18.12.2018 | 16689<br>(21.8.18 വരെ 5563<br>22.8.2018 മുതൽ 29.9.18 വരെ 11126) |
| ആകെ | | | | 36306 |

പിഴയിനത്തിലുള്ള നഷ്ടം 36306 രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി പിഴയിനത്തിൽ നഷ്ടം വന്ന തുക കരാറുകാരിൽ നിന്നും ഈടാക്കുന്നതാണെന്ന് അറിയിച്ചു (AUDIT ENQUIRY No. 16 / 29.10.19).

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2018-19 | 06.08.19 മുതൽ 07.08.19 വരെ | കെ.എസ്.എ.എം.പി.എം.28/845/19 തിയതി.26.08.19 |

## 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| ബ്ലോക്ക് പഞ്ചായത്ത് | ലഭിച്ച തുക | പ്രാരംഭ ബാക്കി | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| | 125000 | 0 | പ്രോ.നം-118/18-19 ക്ഷീര സബ്സിഡി (വനിത) | 125000 | 0 |
| | 125000 | 0 | പ്രോ.നം-67/18-19 ക്ഷീര സബ്സിഡി (പുരുഷൻ) | 125000 | 125000 |
| | 0 | 200590 | ക്ഷീര സബ്സിഡി (പുരുഷൻ) | 200590 | 0 |
| | 0 | 203508 | ക്ഷീര സബ്സിഡി (വനിത) | 157432 | 46076 |
| | 1161052 | 0 | പ്രോ.നം-36/18-19 ലൈഫ് മിഷൻ (ജനറൽ) | 1137387 | 23665 |
| | 211420 | 0 | പ്രോ.നം-40/18-19 ലൈഫ് മിഷൻ (എസ്.സി) | 0 | 211420 |
| | 962500 | 0 | പ്രോ.നം-19/18-19 നെൽ കൃഷി വികസനം | 962500 | 0 |
| | 0 | 8500 | പ്രോ.നം-163/18-19 ശുചിത്വ കക്കൂസ് നിർമ്മാണം | 0 | 8500 |
| | 0 | 600000 | പ്രോ.നം-159/18-19 ഷ്രഡിംഗ് യൂണിറ്റിന് സ്ഥലം വാങ്ങൽ | 0 | 60000 |
| | 0 | 8418 | പ്രോ.നം-158/18-19 വിവിധ പാടശേഖരങ്ങളിലൂടെയുള്ള വൈദ്യുതി ലൈൻ നീട്ടൽ | 0 | 8418 |
| | 0 | 350000 | പ്രോ.നം-156/18-19 അഗനവാടികൾക്ക് സ്ഥലം വാങ്ങൽ | 57259 | 292741 |
| | 0 | 1000000 | പ്രോ.നം-144/18-19 പകൽ വീട് നിർമ്മാണം | 1000000 | 0 |
| ആകെ | 2584972 | 812516 | | 2707909 | 689579 |
| ജില്ലാ പഞ്ചായത്ത് | 400000 | 0 | പ്രോ.നം-84/18-19 ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 400000 | 0 |
| | 1891000 | 0 | പ്രോ.നം-36/18-19 ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതി (ജനറൽ) | 1891000 | 0 |
| | 0 | 73335 | പ്രോ.നം-170/18-19 ലൈഫ് മിഷൻ – പൂർത്തീകരിക്കേണ്ട ഭവനങ്ങളുടെ പൂർത്തീകരണം -ജനറൽ | 70000 | 3335 |
| | 806000 | 0 | പ്രോ.നം-40/18-19 ലൈഫ് മിഷൻ – സമ്പൂർണ്ണ പാർപ്പിട പദ്ധതി (എസ്.സി) | 240000 | 566000 |
| | 0 | 613333 | പ്രോ.നം-169/18-19 ലൈഫ് മിഷൻ – പൂർത്തീകരിക്കേണ്ട ഭവനങ്ങളുടെ പൂർത്തീകരണം (എസ്.സി) | 258707 | 354626 |
| | 0 | 500000 | പ്രോ.നം-147/18-19 കോലത്ത് അംഗനവാടി നം.65 നിർമ്മാണം | 500000 | 0 |
| ആകെ | 3097000 | 886667 | | 3359707 | 623960 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ

# വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ / ബില്ല്/ ചെക്ക് നം. | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | പ്രോജക്ട് നമ്പർ.165/18-19 ചക്കപ്പൻത്താഴം ലൈൻ എക്സ്റ്റൻഷൻ | CFC eBill 21700863 30-10-2017 &21701104 23-02-2018 | 222360 | 0 | - | 222360 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

# 4-5 വായ്പ /വായ്പ തിരിച്ചടവ്

ലോൺ തുകയുടെ വിവരം

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | വർഷാംരംഭത്തിൽ തിരിച്ചടക്കാനുള്ള മുൻബാക്കി | ഓഡിറ്റ് വർഷത്തിൽ തിരിച്ചടച്ച തുക | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | മുതൽ | |
| ലൈഫ് - KUDFC | G.O(MS) No.68/2018 Dated.18.05.18 | 15390222 | 0 | 0 | 0 | 15390222 |
| EMS ഭവന വായ്പ | 989/2010 | 11600000 | 5181535 | 1338890 | 0 | 3842645 |

# 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 423215 |
| തൻവർഷം നിക്ഷേപിച്ച തുക | 34910 |
| ആകെ | 458125 |
| തന്നാണ്ടില് പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 458125 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം (ബാങ്ക്) | തുക | രശീതി നം<br>തിയതി. |
|---|---|---|
| MDC Bank എടപ്പാൾ | 315876 | 090301807520010 |
| MDC Bank എടപ്പാൾ | 142249 | 090301807520011 |

# 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപേരും | രശീത് നം. / തിയ്യതി |
|---|---|---|---|---|
| 2013-14, 2014-15 | 2-5(സി), 1, 3 | 600 | എക്സ്പോർട്ട് സിസ്റ്റംസ് | 118060102525, 27.06.2018 |
| 1997-98 | 37 | 1312 | സരോജിനി അമ്മ, സെക്രട്ടറി | 118060103437, 21.07.2018 |
| 1997-98 | 43 | 68262 | സരോജിനി അമ്മ, സെക്രട്ടറി | 118060103438, 21.07.2018 |
| 2015-16 | 2-5 | 1700 | ഏഷ്യൻ ഹൈപ്പർ മാർക്കറ്റ് | 118060104301, 21.08.2018 |
| 2015-16 | 2-5 | 1700 | കെ.ആർ ബേക്കറി | 118060104306, 21.08.2018 |
| 2013-14, 2014-15 | 2-4 എ | 5850 | അഹല്ല്യ മണിഎക്സ്ചേഞ്ച് | 118060104374, 29.08.2018 |
| 2013-14, 2014-15 | 2-4 എ | 7700 | നളന്ദ പബ്ലിക് സ്കൂൾ | 118060104745, 07.09.2018 |
| 2013-14, 2014-15 | 2-4 എ | 7700 | ബ്ലോസ്സം പബ്ലിക് സ്കൂൾ | 118060105326, 25.09.2018 |
| 2013-14, 2014-15 | 2-5 സി | 100 | യൂണൈറ്റഡ് വുഡ് കോംപ്ലക്സ് | 118060105660, 04.10.2018 |
| 2013-14, 2014-15 | 2-5 സി | 300 | ഒയാസിസ് ഏജൻസീസ് | 118060105659, 04.10.2018 |
| 2013-14, 2014-15 | 2-5 ഡി | 100 | യാക്കൂബ് റൈസ് മിൽ | 118060105658, 04.10.2018 |
| 2013-14, 2014-15 | 2-5 ഡി | 1800 | നായർ ഓയിൽ ആൻറ് റൈസ് മിൽ | 118060105850, 08.10.2018 |
| 2013-14, 2014-15 | 2-5 ഡി | 200 | ഫാത്തിമ മിൽസ് | 118060105815, 08.10.2018 |
| | | | | |

| | | | | |
|---|---|---|---|---|
| 2013-14, 2014-15 | 3-1 | 1139 | കോമളം.വി, ICDS സൂപ്പർവൈസർ | 118060105890, 10.10.2018 |
| 2013-14, 2014-15 | 2-5 സി | 100 | സൌഭാഗ്യ സാരി സെൻറർ | 118060106044, 15.10.2018 |
| 2013-14, 2014-15 | 2-5 സി | 800 | ഇലക്ട്രോ ലിങ്ക് | 118060106057, 15.10.2018 |
| 2013-14, 2014-15 | 2-5 സി | 400 | | 118060106076, 16.10.2018 |
| 2013-14, 2014-15 | 2-4 എ | 5850 | MATHS MINDS | 118060106102, 16.10.2018 |
| 2013-14, 2014-15 | 2-4 എ | 7700 | ICICI BANK | 118060500073, 24.10.2018 |
| 2015-16 | 2-5 | 3400 | ICICI BANK | 118060500074, 24.10.2018 |
| 2013-14, 2014-15 | 2-4 എ | 5888 | ALHABAD BANK | 118060106728, 31.10.2018 |
| 2013-14, 2014-15 | 2-2 (2) | 33711 | ഉമ്മർ, തച്ചുവീട്ടിൽ | 118060109984, 17.01.2019 |
| 1989-90, 1990-91 | 21 | 100 | വി.കെ.വേണു, സെക്രട്ടറി | 118060110298, 05.02.2019 |
| 1994-95, 1995-96 | 8 | 150 | കെ.മുകുന്ദൻ, സെക്രട്ടറി | 118060110395, 08.02.2019 |
| 1994-95, 1995-96 | 17 | 162 | ബി.രാജു, യു.ഡി.ക്ലാർക്ക് | 118060110396, 08.02.2019 |
| 2013-14, 2014-15 | 2-4 എ | 5000 | ന്യൂ ഇന്ത്യ ഇൻഷ്വറൻസ് | 118060500162, 22.02.2019 |
| 2015-16 | 2-5 | 5000 | ന്യൂ ഇന്ത്യ ഇൻഷ്വറൻസ് | 118060500162, 22.02.2019 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 2014-15 | 2(2), 2(3) | 2016-17 | അനുബന്ധം 3 | വസ്തുനികുതി | ബഹു.നിയമസഭാസമിതിയുടെ പരിഗണനയിലാണ് |
| | | | | | |

| | | | | | |
|---|---|---|---|---|---|
| 2014-15 | 2(4) | 2016-17 | ആനുബന്ധം 4 | തൊഴിൽ നികുതി | ബഹു.നിയമസഭാസമിതിയുടെ പരിഗണനയിലാണ് |

# 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

| ക്രനം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത് | ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | | ഉൾപെട്ട തുക | ഈടാക്കിയ തുക | | |
| 1 | 2008-09 | 2-2 (A) | വി.ഹരിദാസ് | LF 7331/SPL .CELL/SC/D1/12, 07.07.201 | 2655/- | 0 | 0 | 0 | 0 | 0 | 0 | 2655/- |
| | 2008-09 | 2.2 (എ) ഭാഗികം | പി.കെ.ഹരിദാസ് | LF 7331/SPL .CELL/SC/D1/12, 07.07.2014 | 9578/- | 0 | 0 | 0 | 0 | 0 | 0 | 9578/- |
| | 2000-01 | 24(1)(3) | സി.വേലായുധൻ | LF 23203/SPL CELL/SC 5/04, 13.02.08/20.02.08 | 4350/- | 0 | 0 | 0 | 0 | 0 | 0 | 4350/- |

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കാനവശേഷിക്കുന്ന തുക

| ക്രനം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത് | ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | | ഉൾപെട്ട തുക | ഈടാക്കിയ തുക | | |
| 1 | 2000-01 | 44 51 52 53 | സി.കെ.ബാലൻ, സെക്രട്ടറി, സി.വേലായുധൻ, സെക്രട്ടറി | LF 28203/SPL CELL/ SC5/04/18.02.2008 | 5294/- 6508/- | 0 | 0 | 0 | 0 | 0 | 0 | 5294/- 6508/- |
| 2 | | | സി.അബൂബക്കർ, സെക്രട്ടറി | KSA/1328 /SPL CELL/CSC/D1/2018, 28.08.2018 | 238879/- | 0 | 0 | 0 | 238879/- | 0 | 0 | 238879/- |
| 3 | 2011-12, 12-13 | 3-5 3-9 3-10 | പി.ജി.വസന്ത കുമാർ, സെക്രട്ടറി | KSA/11914 /SPL. CELL/ CSC/D1/2016, 06.05.2019 | 410139/- | 0 | 0 | 0 | 410139/- | 0 | 0 | 410139/- |
| | | | | | | | | | | | | |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 4 | 2010-11 | 3-1 | ഷൈനി.എം. അസിസ്റ്റന്റ് എഞ്ചിനീയർ | LF.5648/ SPL. CELL/SCD1-2014/ 14-09-2015 | 21052/- | 0 | 0 | 0 | 21052/- | 0 | 0 | 21052/- |
| | | | | | | | | | | | | |

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 103546645 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 94803913 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 42864 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1554072 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 3553 | ശ്രീമതി.അനിത. പി.കെ അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | 3005 | ശ്രീമതി.അനിത. പി.കെ അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | 36306 | ശ്രീമതി.അനിത. പി.കെ അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 738940 | ഡോ. ഷ്ലൈമി ജേക്കബ്, വെറ്ററിനറി സർജൻ |
| 1-21 | 542697 | ഡോ. ശിൽപ പുരുഷോത്തമൻ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |
| 1-27 | 440635 | ശ്രീമതി.അനിത. പി.കെ അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-29 | 2,85,000 | എം.മൊഹമ്മദ് ഷെറിഫ്, സെക്രട്ടറി |
| 1-31 | 46800 | എം.മൊഹമ്മദ് ഷെറിഫ്, സെക്രട്ടറി |
| | 20,54,072 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.അനിത. പി.കെ | അസിസ്റ്റന്റ് എഞ്ചിനീയർ | പെരുവഴിപുറത്ത് (വീട്), തമ്പാൻകടവ് (പി.ഒ), തളിക്കുളം, തൃശ്ശൂർ, പിൻ – 680 569 |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാന വശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1979-80 | LFM 7/726/97, 30.05.1997 | 4 |
| 1981-82 | LFM 7/728/97, 30.05.1997 | 18 |
| 1984-85 | LFM 7/729/97, 30.05.1997 | 4 |
| 1985-86 | LFM 7/730/97, 30.05.1997 | 17 |
| 1986-87 | LFM 7/731/97, 30.05.1997 | 10 |
| 1987-88, 1988-89 | LFM 7/732/97, 30.05.1997 | 13 |
| 1989-90, 1990-91 | LFM 7/733/97, 30.05.1997 | 4 |
| 1991-92 | LFM 7/734/97, 30.05.1997 | 6 |
| 1992-93, 1993-94 | LFM 7/735/97, 30.05.1997 | 24 |
| 1994-95, 1995-96 | LFM 14/131/98, 24.03.1998 | 4 |
| 1996-97 | LFM 7/658/97, 05.03.1998 | 17 |
| 1997-98 | LFM 11/1404/99, 24.03.2000 | 2 |
| 1998-99 | LFM 12/1373/99, 11.11.1999 | 19 |
| 1999-2000 | LFM 11/357/01, 03.06.2004 | 9 |
| 2000-01 | LFM 11/1420/99, 23.06.2004 | 16 |
| 2001-02 | LFM 17/1056/03, 06.04.2004 | 9 |
| 2002-03 | LFM 9/332/05, 29.04.2005 | 14 |
| 2003-04 | LFM 6/05/08, 17.05.2008 | 16 |

| | | |
|---|---|---|
| 2004-05 | LFM 6/29/09, 04.08.2009 | 56 |
| 2005-06 | LFM 6/243/10, 21.03.2012 | 12 |
| 2006-07 | LFM 10/889/11, 21.03.2012 | 7 |
| 2007-08 | LFM 18/598/11, 21.03.2012 | 21 |
| 2008-09 | LFM 18/599/11, 21.03.2012 | 16 |
| 2009-10 | LFM 18/600/11, 21.03.2012 | 27 |
| 2010-11 | LFM 17/1489/13, 11.09.2013 | 16 |
| 2011-12, 2012-13 | KSAMPM 17/41/2016, 12.04.2016 | 22 |
| 2013-14, 2014-15 | KSAMPM 28/1928/2016, 01.08.2016 | 17 |
| 2015-16 | KSAMPM 28/29/2017, 08.02.2017 | 24 |
| 2016-17 | KSAMPM 28/2458/2017, 20.11.2017 | 26 |
| 2017-18 | KSAMPM 28/204/2019, 19.02.2019 | 25 |

**ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ),**
**മലപ്പുറം**

# **Annexure-1** ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.എം.പി.എം.28/845/2019


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

പിൻ-676505 ഫോൺ:04832734951

dompm.ksad@kerala.gov.in


തിയ്യതി: 26-08-2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ എടപ്പാൾ ഗ്രാമപഞ്ചായത്തിന്റെ 31.3.2019ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധ നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ എടപ്പാൾ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

# Annexure-2 Audited Abstract

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്